## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4575 — 25-06-2019 -ൽ മറുപടിക്ക്

### പ്രളയാനന്തരം സർക്കാർ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | കഴിഞ്ഞ വർഷത്തെ പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ സുതാര്യവും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദവുമായിരുന്നു വെന്ന് വിലയിരുത്തുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രളയവുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം നടത്തിയ തിൽ വന്ന പാകപ്പിഴ മൂലം വ്യാപക പരാതി വന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | ബി) & സി) | 2018-ലെ അതിരൂക്ഷമായ പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാകളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുള്ളതും അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി 2019 ജനുവരി 31 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ 31/01/2019 എന്ന അവസാന തീയതിയ്ക്കു ശേഷവും വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് വിവിധ ജില്ലകളിൽ നിന്നും അപ്പീലുകൾ ലഭിച്ചിട്ടുള്ള സാഹചര്യം പരിശോധിച്ച് പ്രസ്തുത അപ്പീലുകൾ തീർപ്പാക്കുന്നതിനായി 21.06.2019-ലെ സ.ഉ(എം.എസ്)നം.16/2019/ഡി.എം.ഡി പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31/03/2019 വരെ ലഭിച്ച അപ്പീലുകൾ അംഗീകൃത നടപടിക്രമം |
| സി) | അടിയന്തര ധനസഹായമായ പതിനായിരം രൂപ പോലും ലഭിക്കാത്ത ആയിരങ്ങൾ ഇപ്പോഴും പരാതിയുമായി ഓഫീസുകളിൽ കയറി ഇറങ്ങുന്ന സ്ഥിതിവിശേഷം എപ്രകാരമാണ് ഉണ്ടായതെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ; | | |

| | | | |
|---|---|---|---|
| | | | അനുസരിച്ച് പരിശോധിക്കുകയും തീർപ്പാക്കുകയും, അനുവദനീയമായി കാണുന്നെങ്കിൽ തുക നൽകി തീർപ്പാക്കുവാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31/03/2019-ന് ശേഷം ലഭിച്ചിട്ടുള്ള അപ്പീലുകൾ ജില്ലാകളക്ടർ തലത്തിൽ നേരിട്ട് ഒരു കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുകയും, പ്രസ്തുത അപേക്ഷകളിൽ പ്രാഥമികമായി സത്യസന്ധമെന്ന് കാണുന്നവ മാത്രം തുടർ പരിശോധന നടത്തുകയും അംഗീകൃത നടപടിക്രമം അനുസരിച്ച് തീർപ്പാക്കുകയും, അനുവദനീയമായി കാണുന്നെങ്കിൽ തുക നല്കി തീർപ്പാക്കുവാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 30/06/2019 വരെ ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 6.92 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപ വീതം നല്കി കഴിഞ്ഞു. |
| ഡി) | പ്രതിപക്ഷ നേതാവ് വഴി സമർപ്പിക്കപ്പെട്ട പരാതികളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | ഉണ്ട്. പ്രതിപക്ഷ നേതാവ് നൽകിയതുൾപ്പെടെ പൂർണ്ണമായും തകർന്ന വീടുകൾ സംബന്ധിച്ച 34,768 അപ്പീലുകൾ ലഭിച്ചു. 34,275 എണ്ണം തീർപ്പാക്കി. ഭാഗീകമായി തകർന്ന വീടുകൾ സംബന്ധിച്ച് 1,02,479 അപ്പീലുകൾ ലഭിച്ചു. 1,01,878 എണ്ണം തീർപ്പാക്കി. |

സെക്ഷൻ ഓഫീസർ